"ഭരണഭാഷ മാതൃഭാഷ"

# കേരള സർക്കാർ

## ധനകാര്യ (ലോൺസ്) വകുപ്പ്

## പരിപത്രം

നം.82/2022/ധന    തിരുവനന്തപുരം, തീയതി : 24/09/2022

വിഷയം :- പലിശരഹിത ചികിത്സാ വായ്പ, പ്രതിപൂരണ അപേക്ഷകൾ - ധനകാര്യ വകുപ്പിലേയ്ക്ക് ശിപാർശ ചെയ്യുന്നതിന് വകുപ്പ് തലവൻമാർക്കും ഭരണ വകുപ്പിനുമുള്ള നിർദ്ദേശങ്ങൾ - പുറപ്പെടുവിക്കുന്നു.

സൂചന:- 1) 18-02-2020 - ലെ സ.ഉ (അ) നം.4/2020/ആ.കു.വ
2) 12-06-2020 - ലെ പരിപത്രം നം.34/2020/ധന.

1. പലിശ രഹിത ചികിത്സാ വായ്പയുടെ അപേക്ഷ / ക്രമീകരണം, ചികിത്സാ ചെലവ് പ്രതിപൂരണം എന്നിവയുമായി ബന്ധപ്പെട്ട് വിവിധ ഭരണ വകുപ്പുകളുടെ ശിപാർശയോടെ ധനകാര്യ വകുപ്പിൽ ലഭിക്കുന്ന അപേക്ഷകൾ പലതും യഥാസമയം തീർപ്പാക്കാൻ കഴിയാത്ത അവസ്ഥ ഉണ്ടാകുന്നുണ്ട്. നിർദ്ദേശിക്കപ്പെട്ടിട്ടുള്ള രേഖകൾ ഉള്ളടക്കം ചെയ്യാതെയും നിലവിലുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം പരിശോധിക്കാതെയും ധനകാര്യ വകുപ്പിൽ ലഭിക്കുന്ന ഫയലുകൾ, കൃത്യമായ രേഖകൾ / വിവരങ്ങൾ സഹിതം ലഭ്യമാക്കുവാൻ വേണ്ടി പലതവണ ഭരണ വകുപ്പിന് തിരിച്ചയക്കേണ്ടിവരുന്ന സാഹചര്യം മൂലം പ്രസ്തുത അപേക്ഷകളിൽ യഥാസമയം തീർപ്പ് കൽപ്പിക്കാൻ കഴിയാതെ വരുന്നു. വകുപ്പദ്ധ്യക്ഷൻമാർ കൃത്യമായ രേഖകൾ/വിവരങ്ങൾ ലഭ്യമാക്കാത്തതാണ് ഇത്തരം അവസ്ഥ ഉണ്ടാകുന്നതിന്റെ മുഖ്യ കാരണം എന്ന് മനസ്സിലാകുന്നു. ഇതിനു പുറമെ, നിലവിലുള്ള നിർദ്ദേശങ്ങളുടെയും ഉത്തരവുകളുടെയും വെളിച്ചത്തിൽ ഭരണ വകുപ്പിനു തന്നെ തീരുമാനമെടുക്കാവുന്ന

സംഗതികളിലും ധനകാര്യ വകുപ്പിലേയ്ക്ക് ഫയൽ അയക്കുന്നതായി കാണുന്നുണ്ട്.

2. മേൽ പറഞ്ഞവ മൂലം അപേക്ഷകർക്കും വകുപ്പുകൾക്കുമുണ്ടാകുന്ന ബുദ്ധിമുട്ടുകളും, കാലതാമസവും ഒഴിവാക്കാനും നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തി അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാനും താഴെ പറയുന്ന അടിയന്തിര നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

I. സൂചന 1 - ലെ ഉത്തരവ് പ്രകാരം പലിശരഹിത ചികിത്സാ വായ്പ ക്രമീകരിക്കുമ്പോൾ അപേക്ഷാ തീയതി മുതലുള്ള ചികിത്സാ ബില്ലുകൾ പരിഗണിക്കാവുന്നതാണ്. ഈ ഉത്തരവിന് മുൻകാല പ്രാബല്യം ഇല്ലാത്തതിനാൽ, ഈ ആനുകൂല്യം മേൽ ഉത്തരവ് തീയതിയായ 18.02.2020 മുതൽക്കേ ലഭിക്കുകയുള്ളൂ. മേൽ തീയതിയ്ക്ക് മുൻപ് വായ്പ അനുവദിച്ച കേസുകളിൽ ഉത്തരവ് തീയതി മുതലുള്ള ബില്ലുകൾ മാത്രമേ ക്രമീകരണത്തിന് പരിഗണിക്കാനാകൂ. പലിശ രഹിത ചികിത്സാ വായ്പ ഉത്തരവിൽ നിർദ്ദേശിച്ചിരിക്കുന്ന നിർദ്ദിഷ്ട ക്രമീകരണ കാലം കഴിഞ്ഞുള്ള ബില്ലുകൾ ഉൾപ്പെടുത്തേണ്ടതില്ല.

ii. സർക്കാരിന്റെ എംപാനൽ ലിസ്റ്റിൽ ഉൾപ്പെടാത്ത സ്വകാര്യ ആശുപത്രികളിലെ ചികിത്സാ ചെലവുകൾ സൂചന (2) - ലെ സർക്കുലർ പ്രകാരം പ്രതിപൂരണാർഹമല്ല. ടി സർക്കുലർ തീയതിയ്ക്ക് മുമ്പുള്ള ചികിത്സാ കാലയളവിലെ ക്ലെയിമുകളും പ്രതിപൂരണാർഹമല്ല. അതിനാൽ അത്തരത്തിലുള്ള അപേക്ഷകൾ അതാത് വകുപ്പ് തലത്തിൽ തീർപ്പാക്കേണ്ടതാണ്.

iii. പ്രത്യേക പരിഗണന അർഹിക്കുന്ന കേസുകളിൽ ഉന്നത തല ശിപാർശയോടെ ഫയൽ ലഭ്യമാക്കേണ്ടതാണ്. മാത്രമല്ല, ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ അഭിപ്രായവും പ്രത്യേക പരിഗണന നൽകാനുള്ള കാരണവും ഫയലിൽ വ്യക്തമാക്കേണ്ടതാണ്.

iv. നിർദ്ദിഷ്ട ക്രമീകരണ കാലം കഴിഞ്ഞു സമർപ്പിക്കുന്ന അപേക്ഷകൾ, താമസം വന്ന കാലാവധി വ്യക്തമാക്കിക്കൊണ്ട്, പിഴപ്പലിശ ഒടുക്കി ചെല്ലാൻ സഹിതം ലഭ്യമാക്കേണ്ടതാണ്.

V. അപേക്ഷകൾ പരിഗണിക്കുമ്പോൾ പ്രതിപൂരണം സംബന്ധിച്ച് ആരോഗ്യ കുടുംബ ക്ഷേമ

വകുപ്പ് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പ്രകാരം സ്വകാര്യ ആശുപത്രികളിലെ ചികിത്സാ തുകയുടെ അർഹത തുക നിശ്ചയിക്കുന്നതിന് വകുപ്പ് മേധാവി/ ആരോഗ്യ വകുപ്പ് ഡയറക്ടർ / ജില്ലാ മെഡിക്കൽ ഓഫീസർ എന്നിവർക്കു നിശ്ചയിച്ചു നൽകിയിട്ടുള്ള ധനകാര്യ അധികാര പരിധി കൃത്യമായി പാലിക്കേണ്ടതാണ്.

3. ഭരണ വകുപ്പ് ഫയലിനോടൊപ്പം ലഭ്യമാക്കേണ്ട രേഖകൾ സൂചിപ്പിക്കുന്ന ചെക്ക് ലിസ്റ്റും ഫയലിനോടൊപ്പം ലഭ്യമാക്കേണ്ട പ്രൊഫോർമയും അനുബന്ധമായി ചേർക്കുന്നു. മേൽ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതും ടി ചെക്ക് ലിസ്റ്റ് പ്രകാരമുള്ള രേഖകൾ കൃത്യമായി ലഭ്യമാക്കേണ്ടതുമാണ്. പ്രൊഫോർമ സഹിതം സമർപ്പിക്കാത്ത ഫയലുകൾ നിർദേശങ്ങൾ പാലിച്ചു സമർപ്പിക്കുവാൻ വേണ്ടി തിരികെ നൽകുന്നതുമാണ്.

നെൽസൺ.ജെ
അഡീഷണൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

പകർപ്പ്

എല്ലാ വകുപ്പ് മേധാവികൾക്കും
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്.
നോഡൽ ഓഫീസർ, www.finance.kerala.gov.in
കരുതൽ കോപ്പി/ഓഫീസ് കോപ്പി

## അനുബന്ധം - I

**പലിശരഹിത ചികിത്സാ വായ്പ ക്രമീകരണ / പ്രതിപൂരണ അപേക്ഷകളിൽ ചേർക്കേണ്ട പ്രൊഫോർമ**

| | | |
|---|---|---|
| 1 | അപേക്ഷകന്റെ പേര്, തസ്തിക, ഓഫീസ്, ശമ്പള സ്കെയിൽ, വിരമിക്കൽ തീയ്യതി | |
| 2 | അപേക്ഷകന്റെ മേൽവിലാസം | |
| 3 | രോഗിയുടെ പേര്, അപേക്ഷകനുമായുള്ള ബന്ധം | |
| 4 | മകൻ / മകൾ ആണെങ്കിൽ വിവാഹിതൻ / വിവാഹിത ആണോ | |
| 5 | ചികിത്സാ കാലയളവ് | |
| 6 | ചികിത്സിച്ച ആശുപത്രിയും ചികിത്സാ വിഭാഗവും | |
| 7 | അപേക്ഷ സമർപ്പിച്ച തീയതി, ക്ലെയിം തുക | |
| 8 | സർക്കാർ ആശുപത്രിയിൽ നിന്ന് റഫറൻസ് ലഭിച്ചിട്ടുണ്ടോ എന്ന വിവരം | |
| 9 | 15.12.2017 - ലെ സ.ഉ.(എം.എസ്) നം.184/2017/ ആ.കു.വ ന്റെ പരിധിയിൽ വരാത്ത കേസുകളിൽ ഒ.പി.ടിക്കറ്റ് , അപ്പന്റിക്സ് II (ജില്ലാ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയത്) | |
| 10 | ആരോഗ്യ വകുപ്പ് ഡയറക്ടർ / ജില്ലാ മെഡിക്കൽ ഓഫീസറുടെ പരിശോധനാ റിപ്പോർട്ട് ലഭ്യമാണോ, അനുവദനീയത അറിയിച്ച തുക | |
| 11 | ആരോഗ്യ വകുപ്പ് ഡയറക്ടർ / ജില്ലാ മെഡിക്കൽ ഓഫീസർ / വകുപ്പ് തലവൻ വെരിഫൈഡ് സീൽ പതിപ്പിച്ച് അനുവദനീയ തുക രേഖപ്പെടുത്തിയ എസ്സെൻഷ്യാലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാണോ | |
| 12 | ഡിസ്ചാർജ്ജ് സമ്മറി ലഭ്യമാക്കിയിട്ടുണ്ടോ എന്ന വിവരം (രോഗി കിടത്തി ചികിത്സയ്ക്ക് വിധേയമായിട്ടുണ്ടെങ്കിൽ) | |
| 13 | ട്രീറ്റ്മെന്റ് സമ്മറി (ഒ.പി) | |
| 14 | പലിശരഹിത ചികിത്സാ വായ്പ എത്ര തവണ എടുത്തിട്ടുണ്ട്, കാലഘട്ടം, തുക, ക്രമീകരിച്ചിട്ടുണ്ടോ. | |
| 15 | അപേക്ഷകൻ / അപേക്ഷകയുടെ പിതാവ് / മാതാവ് സർവ്വീസ് പെൻഷണർ / കുടുംബ പെൻഷണർ അല്ലായെന്നും പൂർണ്ണമായും അപേക്ഷകനെ | |

| | | |
|---|---|---|
| | ആശ്രയിച്ച കഴിയുകയാണെന്നുള്ള മേലധികാരി സാക്ഷ്യപ്പെട്ടുത്തിയ സത്യവാങ്മൂലം | |
| 16 | ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പിൽ നിന്നും പ്രത്യേക അനുമതി (ആവശ്യമാണെങ്കിൽ മാത്രം) ലഭിച്ചിട്ടുണ്ടോ | |
| a) | പ്രത്യേക അനുമതിയുടെ കാരണം വ്യക്തമാക്കിയിട്ടുണ്ടോ | |
| b) | സെക്രട്ടറിതല ശിപാർശ ലഭ്യമാക്കിയിട്ടുണ്ടോ | |

## അനുബന്ധം - II

## ചെക്ക് ലിസ്റ്റ്

## നടപ്പുഫയലിൽ ഉൾപ്പെട്ടുത്തേണ്ട രേഖകൾ

1. പ്രതിപൂരണ / ക്രമീകരണ അപേക്ഷ
2. ഡിസ്ചാർജ്ജ് സമ്മറി (രോഗി കിടത്തി ചികിത്സയ്ക്ക് വിധേയൻ / വിധേയ ആയിട്ടുണ്ടെങ്കിൽ) / ട്രീറ്റ്മെന്റ് സമ്മറി (ഒ.പി. ചികിത്സയ്ക്ക്)
3. ആരോഗ്യ വകുപ്പ് ഡയറക്ടർ / ജില്ലാ മെഡിക്കൽ ഓഫീസർ / വകുപ്പ് തലവൻ വെരിഫൈഡ് സീൽ പതിപ്പിച്ച് അനുവദനീയ തുക രേഖപ്പെട്ടുത്തിയ എസ്സെൻഷ്യാലിറ്റി സർട്ടിഫിക്കറ്റ്.
4. ആരോഗ്യ വകുപ്പ് ഡയറക്ടർ / ജില്ലാ മെഡിക്കൽ ഓഫീസറുടെ പരിശോധനാ റിപ്പോർട്ട്
5. ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പിൽ നിന്നുമുള്ള പ്രത്യേക അനുമതി (ആവശ്യമുണ്ടെങ്കിൽ)
6. 15.12.2017 - ലെ സ.ഉ.(എം.എസ്)നം.84/2017/ആ.കു.വ., ന്റെ പരിധിയിൽ വരാത്ത കേസുകളിൽ ഒ.പി.ടിക്കറ്റ്, അപ്പന്റിക്സ് II (ജില്ലാ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെട്ടുത്തിയത്)
7. പലിശരഹിത ചികിത്സാ വായ്പ സംബന്ധിച്ച സത്യവാങ്മൂലം
8. മാതാപിതാക്കളുടെ ചികിത്സാചെലവിന്റെ കാര്യത്തിൽ പിതാവ് / മാതാവ് സർവ്വീസ് പെൻഷണർ / കുടുംബ പെൻഷണർ അല്ലായെന്ന് മേലധികാരി സാക്ഷ്യപ്പെട്ടുത്തിയ സത്യവാങ്മൂലം

9. ക്യാഷ് ബില്ലുകൾ (അപേക്ഷകൻ 'paid by me' എന്നു രേഖപ്പെടുത്തി ഒപ്പ് വെയ്ക്കേണ്ടതോടൊപ്പം ചികിത്സിച്ച ഡോക്ടറുടെ ഒപ്പ്, ഡോക്ടറുടെ പേരും, രജിസ്റ്റർ നമ്പരും വ്യക്തമാക്കുന്ന സീൽ, ആശുപത്രിയുടെ സീൽ എന്നിവ പതിപ്പിച്ചത്)